# 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** | **07-06-2021 - ൽ മറുപടിയ്ക്ക്**

## റീ ബിൽഡ് കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ് , വനിത ശിശു വികസന വകുപ്പ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7405കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ്. അംഗീകരിക്കപ്പെട്ട പദ്ധതികളിൽ ആലത്തൂർ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു പദ്ധതികൾ 1. വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണം വില്ലേജ് ഓഫീസുകളുടെയും റവന്യൂ കെട്ടിടങ്ങളുടെയും പുതുക്കിപ്പണി/ പുനരുദ്ധാരണം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, തേങ്കുറിശ്ശി, മംഗളം ഡാം, കുഴൽ മന്നം, മേലാർകോഡ്, എരുമയൂർ തുടങ്ങിയ സ്ഥലങ്ങളിൽ 3 .16 കോടി ചിലവിൽ 6 വില്ലേജ് ഓഫീസുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | KESNIK -മായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട് . 2.ഡാമുകൾ,റെഗുലേറ്റർ , കനാൽ , മറ്റു ജലസേചന സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി ഏകദേശം 69 ലക്ഷത്തോളം രൂപ ചിലവഴിച്ച് കുനിശ്ശേരി കനാൽ മംഗളം പദ്ധതിയിലെ കരുമനശ്ശേരി സ്ട്രെച്ച് ,ചെറമംഗലം സ്കീമിൽ പ്രധാന കനാൽ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 3.സംയോജിത കൃഷിയിലൂടെ ജീവനോപാധി 86 -ഓളം സംയോജിത കൃഷി യൂണിറ്റുകൾ ഏകദേശം 56 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി പുരോഗമിക്കുന്നു 4. ജീവനോപാധി പാക്കേജുകൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കന്നുകാലി പരിപാലനം, കിടാരി പരിപാലനം, കാലിത്തീറ്റ സബ്സിഡി പദ്ധതി, കാലിത്തൊഴുത്തുകളുടെ സംരക്ഷണം തുടങ്ങിയവക്കായി 21 ലക്ഷം രൂപയുടെ പാക്കേജ് 5.സ്വയംതൊഴിലിനും നൈപുണ്യ വികസനത്തിനും ഉള്ള കുടുംബശ്രീ പദ്ധതികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് , ഓട്ടോമൊബൈൽ, മേസൺറി, ലോണ്ടറി തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനത്തിന് വേണ്ടി 46 ലക്ഷം രൂപയുടെ പദ്ധതി 6.കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്കു വേണ്ടി കുടുംബശ്രീ വഴി കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് മൈക്രോഫിനാൻസ് യൂണിറ്റുകൾക്ക് ലോൺ നൽകുന്നതിന് 3 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്കു 15 ലക്ഷത്തോളം രൂപ നൽകിയിട്ടുണ്ട് . |
| (ബി) | ഇതിൽ ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (ബി) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ് , വനിത |

| | | | |
|---|---|---|---|
| | | | ശിശു വികസന വകുപ്പ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7405കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ്. അംഗീകരിക്കപ്പെട്ട പദ്ധതികളിൽ ആലത്തൂർ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു പദ്ധതികൾ 1. വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണം വില്ലേജ് ഓഫീസുകളുടെയും റവന്യൂ കെട്ടിടങ്ങളുടെയും പുതുക്കിപ്പണി/ പുനരുദ്ധാരണം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി, തേങ്കുറിശ്ശി, മംഗളം ഡാം, കുഴൽ മന്നം, മേലാർകോഡ്, എരുമയൂർ തുടങ്ങിയ സ്ഥലങ്ങളിൽ 3 .16 കോടി ചിലവിൽ 6 വില്ലേജ് ഓഫീസുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് KESNIK -മായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട് . 2.ഡാമുകൾ,റെഗുലേറ്റർ , കനാൽ , മറ്റു ജലസേചന സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി ഏകദേശം 69 ലക്ഷത്തോളം രൂപ ചിലവഴിച്ചു കുനിശ്ശേരി കനാൽ മംഗളം പദ്ധതിയിലെ കരുമനശ്ശേരി സ്ട്രെച്ച് ,ചെറമംഗലം സ്കീമിൽ പ്രധാന കനാൽ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 3.സംയോജിത കൃഷിയിലൂടെ ജീവനോപാധി 86 -ഓളം സംയോജിത കൃഷി യൂണിറ്റുകൾ ഏകദേശം 56 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി പുരോഗമിക്കുന്നു 4. ജീവനോപാധി പാക്കേജുകൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കന്നുകാലി പരിപാലനം, കിടാരി പരിപാലനം, കാലിത്തീറ്റ സബ്സിഡി പദ്ധതി, കാലിത്തൊഴുത്തുകളുടെ സംരക്ഷണം തുടങ്ങിയവക്കായി 21 ലക്ഷം രൂപയുടെ പാക്കേജ് 5.സ്വയംതൊഴിലിനും നൈപുണ്യ വികസനത്തിനും ഉള്ള കുടുംബശ്രീ പദ്ധതികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് , ഓട്ടോമൊബൈൽ, മേസൺറി, ലോണ്ടറി തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനത്തിന് വേണ്ടി 46 ലക്ഷം രൂപയുടെ പദ്ധതി 6.കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്കു വേണ്ടി കുടുംബശ്രീ വഴി കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് മൈക്രോഫിനാൻസ് യൂണിറ്റുകൾക്ക് ലോൺ നൽകുന്നതിന് 3 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾക്കു 15 ലക്ഷത്തോളം രൂപ നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ